# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5443 — 01.07.2019 ൽ മറുപടിക്ക്

### യുവജനങ്ങൾക്ക് തൊഴിൽസംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | യുവജനങ്ങൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | യുവജനങ്ങൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ചുവടെപ്പറയുന്ന നടപടികൾ വ്യവസായ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.<br><br>**ഇ.ഡി.ക്ലബ്ബ് :**<br><br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നിവയാണ് ഇ.ഡി. ക്ലബിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇഡി ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്.<br><br>**ഇൻകുബേഷൻ സെന്ററുകൾ :**<br><br>അഭ്യസ്തവിദ്യരും തൊഴിൽ അന്വേഷകരുമായ യുവാക്കളെ തൊഴിൽദാതാക്കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പുതിയ |

| | | | |
|---|---|---|---|
| | | | വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, യുവജനങ്ങൾ ഉൾപ്പെടെയുള്ള ചെറുകിട വ്യവസായികളേയും, സംരംഭകരേയും ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. |
| ബി) | നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ നല്കിവരുന്നുണ്ടെന്ന് വിശദീകരിക്കാമോ ? | ബി) | സംരംഭക സഹായ പദ്ധതി പ്രകാരം യുവജനങ്ങളും അല്ലാത്തവരും ആരംഭിക്കുന്ന ഉത്പാദന മേഖലയിലെ യൂണിറ്റുകൾക്കായി 3 ലക്ഷം രൂപവരെ സ്റ്റാർട്ടപ്പ് സപ്പോർട്ടായി നൽകി വരുന്നുണ്ട്.<br><br>കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്ക് പ്രായ പരിധിയില്ല. ഈ പദ്ധതിപ്രകാരം പരമാവധി സംരംഭകർക്ക് പ്രായഭേദമന്യേ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ